The Heavenly Light Ministry

ശുദ്ധാത്മാവേ വന്നെന്നുള്ളിൽ വാസം ചെയ്യണേ
സത്യാത്മാവേ നിത്യതയിലെത്തുവേളവും
ജീവനൂതുക... ജീവദായകാ...
ജീവനാളമായ് എരിഞ്ഞു തീരുവാൻ
പാപം നീതി ന്യായവിധി ബോധമേകീടാൻ... ഈ
ശാപഭൂവിൽ പെന്തക്കോസ്തിൻ വന്നൊരാവിയെ ജീവനൂതുക
അംബരത്തിൽ നിന്നിറങ്ങി അഗ്നിനാവുകൾ
അൻപോടമർന്നെല്ലാരിലും ശക്തിനാമ്പുകൾ ജീവനൂതുക
രണ്ടോ മൂന്നോ പേരെവിടെ എന്റെ നാമത്തിൽ
ഉണ്ടവിടെയുണ്ട് ഞാനെന്നേകി വാഗ്ദത്തം ജീവനൂതുക
കല്ലായുള്ള ഹൃദയങ്ങളുരുക്കിടണേ
ഹല്ലേല്ലൂയ്യാ ഗീതം പാടാനൊരുക്കീടണേ ജീവനൂതുക